കെ.എം.സി.സി ജിദ്ദ സെൻട്രൽ കമ്മിറ്റി

"കാരുണ്യ ഹസ്തം കുടുംബ സുരക്ഷാ & പെൻഷൻ പദ്ധതി"

(അപേക്ഷാ ഫോറത്തിൽ നൽകിയ സംക്ഷിപ്ത നിയമാവലിയുടെ സമ്പൂർണ്ണ രൂപവും അനുബന്ധ മാർഗ നിർദേശങ്ങളും www.kmcconline.info എന്ന വെബ്സൈറ്റിൽ വായിച്ചു ബോധ്യപ്പെട്ട ശേഷം മാത്രമേ അംഗമാകാവൂ. അനുകൂല്യങ്ങൾക്കുള്ള അപേക്ഷ ലഭിക്കുമ്പോൾ അംഗത്വം നിയമാവലിക്ക് വിധേയമാണെന്ന് ഉറപ്പ് വരുത്തിയ ശേഷമേ പരിഗണിക്കപ്പെടുകയുള്ളൂ. സാധുവല്ലാത്ത അംഗത്വം യാതൊരു അനുകൂല്യത്തിനും പരിഗണിക്കപ്പെടുകയില്ല.)

ഉദ്ദേശ ലക്ഷ്യങ്ങൾ :

ആകസ്മിക മരണത്തിനു വിധേയരാവുന്ന പ്രവാസിയുടെ കുടുംബത്തിനു ഒരു കൈത്താങ്ങ്, മാരകമായ രോഗങ്ങൾക്കും ജോലി ചെയ്ത് ജീവിക്കാവാനാത്ത വിധം അപകടത്തിന് വശംവദരാവുന്ന പ്രവാസികൾക്ക് ചികിത്സാ സഹായം, പ്രവാസം നിർത്തി നാട്ടിൽ നിത്യ വൃത്തിക്ക് പോലും ബുദ്ധിമുട്ടുന്ന മുൻ പ്രവാസി സുഹൃത്തുക്കൾക്ക് പെൻഷൻ സഹായം എന്നിവ ലക്ഷ്യമാക്കി അംഗങ്ങൾ സന്തോഷത്തോടെ തരുന്ന (പ്രീമിയം) സംഭാവനയായി സ്വരൂപിച്ചു, ജിദ്ദയിലെ പ്രവാസികൾക്ക് ജിദ്ദ കെ.എം.സി.സി. സെൻട്രൽ കമ്മിറ്റി കഴിഞ്ഞ 16 വർഷമായി നടപ്പാക്കുന്ന ജീവ കാരുണ്യ പ്രവർത്തനം.

പദ്ധതിയിൽ അംഗത്വം :

ജിദ്ദയിൽ ഇഖാമ സഹിതം നിയമാനുസൃതം ജോലി നോക്കുന്ന കെ.എം.സി.സി. പ്രവർത്തകർക്കും അനുഭാവികൾക്കും, തീവ്രവാദമോ വർഗീയതയോ പ്രോത്സാഹിപ്പിക്കാത്ത കെ.എം.സി.സിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ താൽപ്പര്യമുള്ള മുസ്ലിം ലീഗ് പ്രസ്ഥാനത്തോട് ശത്രുത പുലർത്താത്ത ജാതി മത ഭേദമന്യ ഏതൊരു കേരളീയനും പദ്ധതിയിൽ അംഗമാവാവുന്നതാണ്. ഇത് ഒരു കൃത്യമായ നിയമാവലി അനുസരിച്ചു മാത്രം നടത്തുന്ന പരസ്പര സഹകരണ പദ്ധതിയാണ്. നിയമാവലി വായിച്ചു മനസിലാക്കി അംഗീകരിച്ചു ബോധ്യപ്പെട്ടാൽ മാത്രം പ്രവാസിയായ തൻറെ സുഹൃത്തിന്റെ നിരാലംബരായ കുടുംബത്തിൻറെ പ്രയാസത്തിൽ പങ്കാളിയാവുക എന്ന സദുദ്ദേശത്തോടെ ദൈവ പ്രീതി മാത്രം ആഗ്രഹിച്ചു കൊണ്ട് പൂർണ്ണ സംതൃപ്തിയുടെ സംഭാവന നൽകി പദ്ധതിയിൽ അംഗമായാൽ മതി.

ജിദ്ദ കെ.എം.സി.സി.യുടെ കീഴ് ഘടകങ്ങളായ ഏരിയ, പഞ്ചായത്ത് , മണ്ഡലം, ജില്ല എന്നീ ഏതെങ്കിലും ഒരു കമ്മിറ്റികളുടെ ശുപാർശ പ്രകാരം കെ.എം.സി.സി ജിദ്ദ സെൻട്രൽ കമ്മിറ്റി "കാരുണ്യ ഹസ്തം കുടുംബ സുരക്ഷാ പദ്ധതി" യുടെ അതാത് വര്ഷങ്ങളിലെ നിയമാവലി വായിച്ചു ബോധ്യപ്പെട്ടു അംഗീകരിക്കുന്നവർ അതാത് വർഷത്തെ അപേക്ഷാ ഫോറത്തിലോ ഓൺലൈൻ ആയോ കോർഡിനേറ്റർമാർ മുഖേന അപേക്ഷ നൽകേണ്ടതാണ്. ഒരാൾക്ക് 60 റിയാൽ, പ്രവാസികൾക്ക് കുടുംബിനിയെ ചേർക്കുന്നതിന് മറ്റൊരുഫോം കൂടി പൂരിപ്പിച്ചു 50 റിയാൽ കൂടി അധികം സംഭാവന നൽകിയാണ് അപേക്ഷിക്കേണ്ടത്. മുൻപ്രവാസികൾക്ക് കുടുംബിനികളുടെ അംഗത്വം പുതുക്കാനോ, കുടുംബിനികളെ അംഗമാക്കാനോ അനുവദനീയമല്ല. നിയമാവലിയിൽ നിഷ്കർശിക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് പദ്ധതി അംഗങ്ങൾ പൂർണ്ണ സമ്മതത്തോടെ നൽകുന്ന സംഭാവനയായിരിക്കും ഈ വിഹിതം. എല്ലാവർഷവും 31 ഡിസംബർ വരെയാണ് പദ്ധതിയുടെ കാലാവധി, ഒരു വർഷം കഴിഞ്ഞു നിശ്ചിത ഫീസ് നൽകി അംഗത്വം പുതുക്കാവുന്നതാണ്. ഒരാൾക്ക് പരമാവധി ഒരു അംഗത്വം മാത്രമേ സാധുവാകുകയുള്ളൂ. മുൻ വർഷ തുടർച്ചയില്ലാതെ പുതുതായി അംഗമാവുന്നവരുടെയും അതുപോലെ ഇടവിട്ട് പദ്ധതിയിൽ ചേരുന്നവരുടെയും അംഗത്വം അംഗമാവുന്ന പ്രസ്തുത വർഷം മാർച്ച് ഒന്നു മുതൽ ഡിസംബർ 31 വരെ ആയിരിക്കും. ഈ കാലയളവിൽ നടക്കുന്ന അത്യാഹിതങ്ങൾക്ക് മാത്രമേ പദ്ധതി നിയമാവലി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അവർ പരിഗണിക്കപ്പെടുകയുള്ളൂ. പദ്ധതിയിൽ അംഗത്വം സാധുവാകുന്നതിന് മുമ്പ് കണ്ടെത്തിയ രോഗത്തിനോ ചികിത്സക്കോ, അത് കാരണം സംഭവിക്കുന്ന മരണത്തിനോ പദ്ധതിയിൽ നിന്ന് യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കുകയില്ല. നിയമാവലി ലംഘിച്ച് കൊണ്ട് പദ്ധതിയിൽ അംഗമാക്കിയത് കണ്ടെത്തുന്നത് എപ്പോഴാണോ തത്സമയം പ്രസ്തുത അംഗത്വം അസാധുവായി പരിഗണിക്കുകയും യാതൊരു വിധ ആനുകൂല്യങ്ങൾക്കും അര്ഹതയുണ്ടായിരിക്കയുമില്ല.

പ്രവാസികൾക്ക് ഭാര്യയെ 50 റിയാൽ അധികം നൽകി സ്വന്തം ഇക്കാമയിൽ അല്ലെങ്കിൽ ആശ്രിത ഇഖാമയിൽ WITH SPOUSE എന്ന് തിരഞ്ഞെടുത്തു, അംഗമാക്കാവുന്നതാണ്. അവർ അംഗമായ ശേഷം കണ്ടെത്തുന്ന അഹത്യാഹിതങ്ങൾക്ക് മാത്രമേ (ചികിത്സ മരണം)

ആനുകൂല്യങ്ങൾക്ക് അര്ഹരായിരിക്കയുള്ളൂ. അംഗമാവുന്നതിന് മുമ്പ് കണ്ടെത്തിയ രോഗത്തിനോ, അതിന് തുടരുന്ന ചികിത്സക്കോ, അത് മൂലം സംഭവിക്കുന്ന മരണത്തിനോ യാതൊരു വിധ ആനുകൂല്യങ്ങൾക്കും അവർ അര്ഹരായിരിക്കില്ല. അംഗമായ ശേഷം കണ്ടെത്തിയ ബൈലോ പ്രകാരമുള്ള രോഗത്തിന് നടക്കുന്ന ചികിത്സ, അത്യാഹിതങ്ങൾ, മരണം എന്നിവക്ക് മാത്രമേ പദ്ധതിയിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. മുൻ വർഷ തുടർച്ചയില്ലാതെ അംഗമായ കുടുംബിനിയുടെ അംഗത്വം മാർച്ച് ഒന്നുമുതൽ ഡിസംബർ 31 വരെയായിരിക്കും. മാർച്ച് ഒന്നിന് മുമ്പ് നടക്കുന്ന മരണത്തിനോ, കണ്ടെത്തിയ രോഗത്തിനോ, അത്യാഹിതങ്ങൾക്കോ തുടരുന്ന ചികിത്സക്കോ യാതൊരു വിധ ആനുകൂല്യങ്ങൾക്കും അവർ അർഹരായിരിക്കില്ല. എക്സ് പ്രവാസികൾക്ക് ഭാര്യമാരുടെ അംഗത്വം പുതുക്കാൻ സാധ്യമല്ല

എക്സ് പ്രവാസി അംഗത്വം :

ഫൈനൽ എക്സിറ്റിൽ പ്രവാസം നിർത്തി നാട്ടിലേക്ക് തിരിച്ച് പോന്നവർക്കും നിബന്ധനകൾക്ക് വിധേയമായി പദ്ധതിയിൽ അംഗത്വം തുടരാൻ അവസരമുണ്ട്. പ്രവാസി ആയി ചുരുങ്ങിയത് 3 വർഷമെങ്കിലും തുടർച്ചയായി പദ്ധതിയിൽ അംഗമായി ഫൈനൽ എക്സിറ്റിൽ നാട്ടിലേക്ക് തിരിച്ചു വന്നവർക്ക് മാത്രമേ പദ്ധതിയിൽ നാട്ടിൽ നിന്നും അംഗത്വം പുതുക്കാൻ അനുവാദമുള്ളൂ. സൗദി അറേബ്യയിൽ നിന്നും പോന്ന ശേഷം മൂന്ന് വർഷമോ കൂടുതലോ നാട്ടിൽ വെച്ച് പദ്ധതിയിൽ ചേരാത്തവർക്ക് പിന്നീട് പദ്ധതിയിൽ അംഗത്വം പുതുക്കാൻ അനുവദനീയമല്ല. 2026 മുതൽ 1400 രൂപയാണ് എക്സ് പ്രവാസി അംഗത്തിനുള്ള സംഭാവന വിഹിതം. എക്സ് പ്രവാസിയായി ചേരാൻ അർഹതയില്ലാത്തവർ മുകളിലെ നിയമങ്ങൾക്ക് വിരുദ്ധമായി ചേർന്ന് കഴിഞ്ഞാൽ പ്രസ്തുത അംഗത്വം സാധുവായിരിക്കില്ല എന്ന് മാത്രമല്ല, അവർക്ക് എന്തെങ്കിലും അത്യാഹിതങ്ങൾ സംഭവിക്കുന്ന സമയത്ത് അംഗമായത് നിയമവിരുദ്ധമായാണ് എന്ന് കണ്ടെത്തിയാൽ മരണം ഉൾപ്പെടെ ഒരു അനുകൂല്യത്തിനും അര്ഹരായിരിക്കില്ല ക്ലെയിമുകൾ സബ്മിറ്റ് ചെയ്യുന്ന സമയത്ത് അംഗത്വം നിയമവിധേയമാണോ എന്ന് കൃത്യമായി പരിശോധിച്ച ശേഷമേ ആനുകൂല്യങ്ങൾക്ക് പരിഗണിക്കപ്പെടുകയുള്ളൂ .കേവലം പദ്ധതിയിൽ അംഗത്വം ഉണ്ടായിരിക്കുക എന്നത് ആനുകൂല്യത്തിന് അര്ഹതയുണ്ടെന്നതിന് മാനദണ്ഡമല്ല. അംഗത്വം

പദ്ധതി ബൈലോക്ക് വിധേയമായിരിക്കുക എന്നതാണ് ആനുകൂല്യ അർഹതക്കുള്ള പ്രധാന മാനദണ്ഡം. അല്ലാത്ത പക്ഷം അവരുടെ ക്ലെയിമുകൾ നിരസിക്കപെടുന്നതാണ്. എക്സ് പ്രവാസികൾ തുടർച്ചയായി 3 വർഷം അംഗത്വം പുതുക്കിയില്ലെങ്കിൽ അവർക്ക് പിന്നീട് പദ്ധതിയിൽ അംഗത്വം പുതുക്കാൻ അർഹരല്ല.
നാട്ടിൽ നിന്ന് അംഗമാവാൻ അർഹരായ എക്സ് പ്രവാസികൾ അവരുടെ ജിദ്ദയിലെ പഞ്ചായത്ത്/മണ്ഡലം/ഏരിയ/ജില്ലാ ഏതെങ്കിലും കമ്മിറ്റികളുമായി ബന്ധപെട്ടു ഇഖാമ നമ്പർ നൽകി പരിശോധിച്ചു അംഗമാവാൻ അർഹരാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ, ജിദ്ദയിലെ കോർഡിനേറ്റർ വഴി ഓൺലൈനിൽ എക്സ് പ്രവാസി ഓപ്ഷൻ സെലെക്റ്റ് ചെയ്തു രെജിസ്ട്രേഷൻ പൂർത്തിയാക്കി ശേഷം നാട്ടിലെ പദ്ധതിയുടെ അക്കൗണ്ടിൽ 1400 രൂപ സംഭാവന അടച്ചു റെസിപ്റ്റ് (കൃത്യമായ ട്രാൻസക്ഷൻ റെഫെറൻസ് നമ്പറും തിയ്യതിയും ഉള്ള റെസിപ്റ്റ്) ജിദ്ദയിലെ ബന്ധപ്പെട്ട പഞ്ചായത്ത്/ മണ്ഡലം/ഏരിയ കോർഡിനേറ്റർ മുഖാന്തിരം സെൻട്രൽ കമ്മിറ്റിയിൽ എത്തിച്ചു അപ്പ്രൂവൽ ചെയ്യിപ്പിച്ചു അംഗത്വ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

എക്സ് പ്രവാസിയായി ചേർന്നവരുടെ അംഗത്വം നിയമാവലി അനുസരിച്ചാണെന്ന് ഉറപ്പ് വരുത്തിയ ശേഷം, 60 വയസും 5 വർഷ അംഗത്വവും പൂർത്തിയായവരെ പെൻഷൻ സ്കീമിലും മറ്റുള്ളവർ സുരക്ഷാ സ്കീമിലും അംഗമായിരിക്കും. പെൻഷനു അർഹരായവർ ചികിത്സാ ആനുകൂല്യത്തിന് അർഹരല്ല. 2026 വർഷം മുതൽ പെൻഷൻ സ്കീമിലുള്ളവർക്ക് പെന്ഷന് പുറമെ, 2015 മുതൽ 10 വർഷമോ അതിലധികമോ അംഗത്വമുള്ളവർക്ക് 5 ലക്ഷം രൂപയും , 5 വർഷം മുതൽ 9 വർഷം അംഗത്വമുള്ളവർക്ക് 3 ലക്ഷം രൂപയും, മരണാന്തര ആനുകൂല്യത്തിന് കൂടി അര്ഹരായിരിക്കും. നാളിതുവരെ വാങ്ങിയ പെൻഷൻ തുക കിഴിച്ചായിരിക്കും മരണാനന്തര ആനുകൂല്യം ആശ്രിതർക്ക് നൽകുക. പെൻഷൻ അർഹരായവർക്ക് അവരുടെ സ്വന്തമായുള്ള അക്കൗണ്ടിലേക്ക് മാത്രമേ പെൻഷൻ തുക ട്രാൻസ്ഫെർ ചെയ്യുകയുള്ളൂ. പെൻഷൻ വാങ്ങിക്കാൻ താല്പര്യമില്ലാത്തവർ കമ്മിറ്റിയെ മുൻകൂട്ടി അറിയിക്കേണ്ടതാണ്, പക്ഷെ അവർക്ക് നിയമാവലി അനുസരിച്ചുള്ള മരണാനന്തര ആനുകൂല്യങ്ങൾ മാത്രമേ ലഭിക്കൂ, ചികിത്സാ ആനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല. പെൻഷൻ അർഹരായവർ എല്ലാ വർഷവും അവരുടെ അംഗത്വം പുതുക്കിയാൽ മാത്രമേ അതാത് വർഷങ്ങളിൽ പെൻഷനും മരണം സംഭവിക്കുകയാണെങ്കിൽ മരണാന്തര ആനുകൂല്യവും

ലഭിക്കുകയുള്ളൂ. അംഗത്വം പുതുക്കാത്തവർ പ്രസ്തുത വർഷങ്ങളിൽ പെൻഷനോ മരണാന്തര അനുകൂല്യങ്ങൾക്കോ അര്ഹരായിരിക്കില്ല. പെൻഷൻ സ്കീമിലുള്ളവർ നിയമാവലിയിൽ ആവശ്യപ്പെട്ട രേഖകൾ സമിതി ആവശ്യപ്പെടുന്ന മുറക്ക് അയച്ചു തരേണ്ടതാണ് .

എക്സ് പ്രവാസിയായി നിയമാവലി അനുസരിച്ചു അംഗമായവരിൽ 60 വയസും 5 വർഷ അംഗത്വവും പൂർത്തിയാകാത്ത സുരക്ഷാ സ്കീമിലുള്ളവർ മരണം ചികിത്സ സഹായങ്ങൾക്ക് അർഹരാണ് .പദ്ധതിയിൽ അംഗമാവുന്നതിന് മുമ്പ് കണ്ടെത്തിയ രോഗത്തിനോ അതിന് വേണ്ടി തുടരുന്ന ചികിത്സക്കോ അത് മൂലം സംഭവിക്കുന്ന മരണത്തിനോ യാതൊരു വിധ ആനുകൂല്യങ്ങളും പദ്ധതിയിൽ നിന്ന് ലഭിക്കുന്നതല്ല. അംഗമായ ശേഷം കണ്ടെത്തിയ ബൈലോ പ്രകാരമുള്ള രോഗത്തിന് നടക്കുന്ന ചികിത്സ, അത്യാഹിതങ്ങൾ, മരണം എന്നിവക്ക് മാത്രമേ പദ്ധതിയിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ.
മുൻ വർഷ തുടർച്ചയില്ലാതെ അംഗമായവരുടെ അംഗത്വം മാർച്ച് ഒന്നുമുതൽ ഡിസംബർ 31 വരെയായിരിക്കും. മാർച്ച് ഒന്നിന് മുമ്പ് നടക്കുന്ന മരണത്തിനോ, കണ്ടെത്തിയ രോഗത്തിനോ, അത്യാഹിതങ്ങൾക്കോ തുടരുന്ന ചികിത്സക്കോ യാതൊരു വിധ ആനുകൂല്യങ്ങൾക്കും അവർ അർഹരായിരിക്കില്ല.
www.kmcconline.info എന്ന വെബ്സൈറ്റിലെ പദ്ധതി ബൈലോ മുഴുവൻ വായിച്ചു സമ്മതമെങ്കിൽ മാത്രം ഈ പദ്ധതിയിൽ അംഗമാവുക. നിയമാവലി ലംഘിച്ച് കൊണ്ട് പദ്ധതിയിൽ അംഗമാക്കിയത് കണ്ടെത്തുന്നത് എപ്പോഴാണോ തത്സമയം പ്രസ്തുത അംഗത്വം ക്യാൻസൽ ചെയ്യുന്നതാണ് .അതല്ലെങ്കിൽ മറ്റു വല്ല വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഒരാളുടെ അംഗത്വം സ്വീകരിക്കുന്നതിനും ഏത് സമയവും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണാധികാരം കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. അനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിഗണിക്കുന്നത് അംഗത്വം നിയമാവലി അനുസരിച്ചു സാധുവാണെന്ന് ഉറപ്പ് വരുത്തിയ ശേഷമായിരിക്കും.
പദ്ധതി ആനുകൂല്യം ലഭ്യമാക്കാനെന്ന എന്ന ഉദ്ദേശത്തോടെ മുൻ വർഷം അംഗമല്ലാത്ത ഗുരുതര രോഗങ്ങൾക്ക് വിധേയരാവരെ അംഗമാക്കാതിരിക്കുക. അങ്ങിനെ അംഗമാക്കിയതായി ബോധ്യപ്പെട്ടാൽ പ്രസ്തുത അംഗത്വം അസാധുവായിരിക്കും. യാതൊരു വിധ ആനുകൂല്യങ്ങൾക്കും അവർ അർഹരായിരിക്കില്ല. ആനുകൂല്യങ്ങൾക്ക് വേണ്ടി അപേക്ഷ ലഭിക്കുമ്പോൾ അംഗത്വം

നിയമാവലി അനുസരിച്ചു സാധുവാണെന്ന് പരിശോധിച്ച ശേഷം മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.
അതാത് പദ്ധതി വർഷം ജനുവരി ഒന്നിന് മുമ്പ് നാട്ടിൽ അവധിക്ക് പോയി വാലിഡ് ഇഖാമ ഇല്ലാത്തവരെയോ, പ്രവാസം നിർത്തി നാട്ടിൽ നിന്നും അംഗത്വം തുടരാൻ അർഹരല്ലാത്തവരെയോ ജിദ്ദയിൽ നിന്നും അംഗമാക്കാതിരിക്കുക. അവധിക്ക് പോയവർ ഇഖാമ വാലിഡിറ്റി കഴിയുന്നതിന് മുമ്പ് 100% തിരിച്ചു വരുമെന്ന ഉറപ്പുള്ളവരെ മാത്രമേ ജിദ്ദയിൽ നിന്നും അംഗമാക്കാൻ അനുമതിയുള്ളൂ. ഇഖാമ EXPIRE ആയി അദ്ദേഹത്തിന് പ്രസ്തുത വർഷം തിരിച്ചു വരാൻ കഴിയാതെ വന്നാൽ അദ്ദേഹത്തിന്റെ അംഗത്വം അസാധുവാകുന്നതും യാതൊരു വിധ ആനുകൂല്യങ്ങൾക്കും അർഹനായിരിക്കില്ല.
അവർ എക്സ് പ്രവാസിയായി ചേരാൻ അർഹരാണെങ്കിൽ അവരെ എക്സ്-പ്രവാസി എന്നത് ഓപ്റ്റ് ചെയ്തു അംഗമാക്കാവുന്നതാണ്. തുടർച്ചയായി അംഗമാവുന്നവർക്ക് അംഗത്വം കാലാവധി അവസാനിക്കുന്നതിനുമുമ്പായി എല്ലാവർഷവും അംഗത്വ ക്യാമ്പയിൻ സമയത്ത് ഡിസംബർ 31 നു മുമ്പായി പുതുക്കാവുന്നതാണ്.

പദ്ധതി ബൈലോ മുഴുവൻ വായിച്ചു സമ്മതമെങ്കിൽ മാത്രം ഈ പദ്ധതിയിൽ അംഗമായാൽ മതി. നിയമാവലി ലംഘിച്ച് കൊണ്ട് പദ്ധതിയിൽ അംഗമാക്കിയത് കണ്ടെത്തുന്നത് എപ്പോഴാണോ തത്സമയം പ്രസ്തുത അംഗത്വം ക്യാൻസൽ ചെയ്യുന്നതാണ് അതല്ലെങ്കിൽ മറ്റു വല്ല വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ഒരാളുടെ അംഗത്വം സ്വീകരിക്കുന്നതിനും ഏത് സമയവും നിരാകരിക്കുന്നതിനുമുള്ള പൂർണ്ണാധികാരം കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

പദ്ധതി ആനുകൂല്യങ്ങളും അർഹതയും :

പ്രവാസി പെൻഷൻ പദ്ധതി

2021 മുതൽ തുടങ്ങിയ "പ്രവാസി പെൻഷൻ പദ്ധതി" യിൽ അംഗമാവുന്നതിന് 2026 വർഷം മുതൽ നിബന്ധനകൾ,
ഫൈനൽ എക്സിറ്റിൽ പോയി നാട്ടിൽ സ്ഥിര താമസമാക്കി 2015 മുതൽ 5 വർഷ അംഗത്വവും 60 വയസ് പൂർത്തിയാവുകയും എക്സ് പ്രവാസിയായി അംഗത്വം പുതുക്കുക എന്നതാണ് . തുടർച്ചയായ 3 വർഷ പ്രവാസിയായി അംഗത്വമുള്ളവർക്ക് ഫൈനൽ എക്സിറ്റിൽ നാട്ടിലെത്തി 3 വർഷത്തിനകം എക്സ് പ്രവാസിയായി അംഗത്വം പുതുക്കാവുന്നതാണ്. പ്രവാസം നിർത്തി 3 വർഷത്തിനകം എക്സ് പ്രവാസിയായി അംഗത്വം പുതുക്കാത്തവർക്ക് പിന്നീട് പദ്ധതിയിൽ

ചേരാൻ കഴിയുന്നതല്ല. പെന്ഷന് അർഹരായവർക്ക് മാസാന്തം 1000 രൂപ പെൻഷൻ നൽകുന്നതാണ് . പെൻഷന് അർഹരായവർ തുടർന്നുള്ള വർഷങ്ങളിൽ നിർബന്ധമായും അംഗത്വം പുതുക്കേണ്ടതാണ്. അംഗത്വം പുതുക്കാത്തവരുടെ പെൻഷൻ മരണാന്തര ആനുകൂല്യങ്ങൾക്കുള്ള അർഹത സ്വമേധയാ ഇല്ലാതാവുന്നതാണ്. പ്രവാസം മതിയാക്കി നാട്ടിൽ സ്ഥിരതാമസമാക്കിയവർക്ക് നാട്ടിൽ നിന്നും അവരുടെ ജിദ്ദയിലെ ഏരിയ/ പഞ്ചായത്ത്/ മണ്ഡലം/ ജില്ലാ കമ്മിറ്റികൾ മുഖാന്തിരം ഇക്കാമ നമ്പർ നൽകി എക്സ് പ്രവാസിയായി ചേരാനുള്ള അർഹത ഉണ്ടെന്ന് ഉറപ്പ് വരുത്തി കോർഡിനേറ്റർ മുഖേന എക്സ് പ്രവാസി ഓപ്ഷൻ സെലെക്റ്റ് ചെയ്തു പദ്ധതിയിൽ അംഗത്വം പുതുക്കാവുന്നതാണ്. 5 വർഷ അംഗത്വവും 60 വയസും പൂർത്തിയായ എക്സ് പ്രവാസി അംഗങ്ങൾ പെൻഷൻ സ്കീമിലും, അല്ലാത്തവർ സുരക്ഷാ സ്കീമിലും ഉൾപെടുന്നതാണ്. പെൻഷൻ സ്കീമിലുള്ളവർ മാസാന്ത പെൻഷനും 2026 വർഷം മുതൽ മരണാന്തര അനുകൂല്യമായി അത് വരെ വാങ്ങിച്ച പെൻഷൻ തുക കിഴിച്ചു 10 വർഷവും അതിലധികവും അംഗത്വമുള്ളവർക്ക് 5 ലക്ഷവും , 5 മുതൽ 9 വർഷ അംഗത്വമുള്ളവർക്ക് 3 ലക്ഷം രൂപയുടെയും ആനുകൂല്യത്തിന് അര്ഹരായിരിക്കും . പെൻഷൻ സ്കീമിലുള്ളവർ ചികിത്സാ ആനുകൂല്യത്തിന് അര്ഹരായിരിക്കില്ല.

പെൻഷൻ സ്കീമിൽ ഉൾപ്പെട്ടവർ നിർബന്ധമായും അവരുടെ ജിദ്ദയിലെ ബന്ധപ്പെട്ട പഞ്ചായത്ത്/ മണ്ഡലം/ ഏരിയ/ ജില്ലാ കമ്മിറ്റികൾ മുഖാന്തിരം കമ്മിറ്റിക്ക് അയച്ചു തരേണ്ട ഡോക്യൂമെന്റസുകൾ

- സംഭാവന 1400 രൂപ പദ്ധതി അക്കൗണ്ടിൽ അടച്ച വ്യക്തമായ ട്രാൻസ്ഫർ റെഫറൻസ് നമ്പർ & തിയ്യതിയുള്ള റെസിപ്റ്റ്.
- പാസ്പോര്ട്ട് കോപ്പി ഫസ്റ്റ് & ലാസ്റ്റ് പേജുകളുടെ വ്യക്തമായ കോപ്പി
- പാസ്സ്പോർട്ടിലെ അവസാനം നാട്ടിൽ പോയ എമിഗ്രേഷൻ സീലും തിയതിയും കാണിക്കുന്ന വ്യക്തമായ കോപ്പി.
- ജനനതിയ്യതി കാണിക്കുന്ന മറ്റു രേഖകൾ . ആധാർ / ലൈസൻസ് അല്ലെങ്കിൽ നാട്ടിൽ സർക്കാർ തലത്തിൽ അംഗീകരിക്കുന്ന മറ്റേതെങ്കിലും ഐ.ഡി. യുടെ വ്യക്തമായ കോപ്പി. മുൻകാലങ്ങളിൽ വിദേശത്തേക്ക് വരുന്നതിന് പാസ്സ്പോർട്ടിലെ വയസ്സ് കൂട്ടി കാണിച്ചിട്ടുണ്ടെങ്കിൽ പാസ്സ്പോർട്ടിലേയും ആധാർ / അല്ലെങ്കിൽ മറ്റു ഡോക്യൂമെന്റസുകളിലെ ജനന തിയ്യതി വ്യത്യാസത്തിൽ നിന്ന് യഥാർത്ഥ വയസ്സ് എത്രയാണെന്നത് പ്രസ്തുത അംഗം തന്നെ

സത്യവാങ്മൂലം നൽകി സാക്ഷ്യപ്പെടുത്തേണ്ടതാണ് .വളരെ സൂക്ഷ്മമായ പരിശോധിച്ച് ജനന തിയ്യതിയും വയസും ഉറപ്പ് വരുത്തിയ ശേഷമേ പെൻഷൻ സ്കീമിൽ അംഗത്വം അംഗീകരിക്കുകയുള്ളൂ.

- സ്വന്തം പേരിലുള്ള നാട്ടിലെ സേവിങ്ങ് ബാങ്ക് അക്കൗണ്ട് പാസ്ബുക്ക് ഫസ്റ്റ് പേജ്. സ്വന്തം പേരിലല്ലാത്ത അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിക്കുന്നതല്ല. അക്കൗണ്ടില്ലാത്ത പെൻഷന് അർഹരായവർ ഒരു സേവിങ് അക്കൗണ്ട് ഓപ്പൺ ചെയ്യേണ്ടതാണ്.
- പെൻഷൻ സ്കീമിലുൾപ്പെട്ടവർ ചികിത്സാ ആനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല.
- എക്സ് പ്രവാസികൾക്ക് കുടുംബിനികളെ അംഗമാക്കാൻ അനുവാദമില്ല. പ്രവാസികൾക്ക് സ്വന്തം ഇഖാമ നമ്പറിലോ ഡിപെൻഡന്റ് ഇഖാമയിലോ കുടുംബിനികളെ അംഗമാക്കാമെങ്കിലും കുടുംബിനികൾ പെന്ഷന് അർഹരല്ല.

നാട്ടിൽ നിന്നും എക്സ് പ്രവാസിയായി അംഗമായി പെൻഷന് അർഹരല്ലാത്ത സുരക്ഷാ സ്കീമിൽ ഉൾപ്പെട്ടവർ നിർബന്ധമായും കമ്മിറ്റിക്ക് അയച്ചു തരേണ്ട ഡോക്യൂമെന്റസുകൾ

- സംഭാവന 1400 രൂപ പദ്ധതി അക്കൗണ്ടിൽ അടച്ച വ്യക്തമായ ട്രാൻസ്ഫർ റെഫറൻസ് നമ്പർ & തിയ്യതിയുള്ള റെസിപ്റ്റ്..
- പാസ്പോര്ട്ട് കോപ്പി ഫസ്റ്റ് & ലാസ്റ്റ് പേജുകളുടെ വ്യക്തമായ കോപ്പി
- പാസ്സ്പോർട്ടിലെ അവസാനം നാട്ടിൽ പോയ എമിഗ്രേഷൻ സീലും തിയതിയും കാണിക്കുന്ന വ്യക്തമായ കോപ്പി.

എക്സ് പ്രവാസികൾക്ക് കുടുംബിനികളെ അംഗമാക്കാൻ സാധ്യമല്ല.

മരണാനന്തര ആനുകൂല്യം:

നിയമാനുസൃതം അംഗമായി അംഗത്വം സാധുവായ കാലയളവിൽ മരണപ്പെടുന്ന 2015 മുതൽ മുഴുവൻ വർഷവും സുരക്ഷാ പദ്ധതി അംഗത്വമുള്ളവർക്ക് 8 ലക്ഷം, ഒരു വര്ഷം മാത്രം കുറവുള്ളവർക്ക് 6 ലക്ഷവും , തുടർച്ചയായ 4 മുതൽ 9 വർഷക്കാർക്ക് 5 ലക്ഷവും, തുടർച്ചയായ രണ്ടും, മൂന്നും വർഷക്കാർക്ക് 3 ലക്ഷവും, ആദ്യ വർഷക്കാർക്ക് 2 ലക്ഷം രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതാണ്. പരമാവധി മരണാനന്തര ആനുകൂല്യം 8 ലക്ഷം രൂപ മാത്രമായിരിക്കും. ചികിത്സാ അല്ലെങ്കിൽ എക്സിറ്റ് ആനുകൂല്യം ലഭ്യമായവർക്ക് പ്രസ്തുത തുക കുറച്ചു മാത്രമേ മരണാനന്തര ആനുകൂല്യം നൽകൂ. പെൻഷൻ വാങ്ങിക്കുന്ന അംഗം മരണപ്പെടുകയാണെങ്കിൽ അത് വരെ വാങ്ങിയ പെൻഷൻ തുക

കിഴിച്ചു 2015 മുതൽ 10 വർഷവും അതിലധികവു അംഗത്വമുള്ളവർക്ക് 5 ലക്ഷം രൂപയും 10 വർഷത്തിൽ താഴെ അംഗത്വമുള്ളവർക്ക് 3 ലക്ഷം രൂപയുടെയും മരണാനന്തര ആനുകൂല്യത്തിന് ആശ്രിതർക്ക് അർഹതയുണ്ടായിരിക്കും. പെൻഷൻ സ്കീമിലുള്ളവർ ചികിത്സാ ആനുകൂല്യത്തിന് അര്ഹരായിരിക്കില്ല. പദ്ധതിയിൽ അംഗമാവുന്നതിനു മുമ്പോ ഇടക്ക് അംഗത്വമില്ലാത്ത വർഷങ്ങളിലോ കണ്ടെത്തിയ മാരക രോഗം മൂലമോ ആണ് മരണ കാരണമെങ്കിൽ അവർ ആനുകൂല്യത്തിന് അര്ഹരായിരിക്കില്ല. ഫോമിൽ നിർദേശിച്ച നോമിനികൾക്കായിരിക്കും സഹായം നൽകുക, അതല്ലെങ്കിൽ നാട്ടിലെ പ്രാദേശിക മുസ്ലിം ലീഗ് / മഹല്ല് കമ്മിറ്റികളുമായി കൂടിയാലോചിച്ചു തീരുമാനിക്കുന്നതാണ് . അംഗത്വം സാധുവായ കാലയളവിൽ എവിടെ വെച്ച് മരണം സംഭവിച്ചാലും സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഒരു കാരണവശാലും ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. മരണ കാരണം കാണിക്കുന്ന ആശുപത്രി രേഖകളോ മറ്റെന്തെങ്കിലും രേഖകൾ ആവശ്യപെടുന്ന മുറക്ക് കാണിക്കേണ്ടതാണ് . നിയമാവലിക്ക് വിരുദ്ധമായി അംഗമായവർക്ക് മരണാനന്തര ആനുകൂല്യം ഉൾപ്പെടെ യാതൊരുവിധ അനുകൂല്യത്തിനും അർഹതയുണ്ടായിരിക്കില്ല.

ചികിത്സാ ആനുകൂല്യം :

നിയമാനുസൃതമായി അംഗമായി സുരക്ഷാ അംഗത്വം സാധുവായ കാലയളവിൽ പുതുതായി കണ്ടെത്തുന്ന കാൻസർ, സ്ട്രോക്ക്, കിഡ്നി മാറ്റിവെക്കൽ, ഡയാലിസിസ് തുടങ്ങി മാരക രോഗങ്ങൾക്ക് ചികിത്സ ആരംഭിക്കുക ഹൃദയ രോഗങ്ങൾക്ക് സർജറി നടത്തുക , ജോലി ചെയ്ത ജീവിക്കാൻ പറ്റാത്ത അപകടങ്ങൾ പറ്റി സർജറിക്ക് വിധേയരാവുക തുടങ്ങി മാരക രോഗങ്ങൾ ചികിത്സാ സഹായത്തിന് പരിഗണിക്കുന്നതാണ്. പ്രധാനമായും മുൻ വർഷങ്ങളിൽ പദ്ധതിയിലെ അംഗത്വം, രോഗം, ചികിൽസ ചിലവുകൾ , പെയ്ഡ് / സൗജന്യ ചികിത്സ തുടങ്ങി എല്ലാ സാഹചര്യങ്ങളും സൂക്ഷ്മമായി പരിശോധിച്ച് കമ്മിറ്റിക്ക് ഉചിതമെന്ന് ബോധ്യപ്പെടുന്ന സംഖ്യ യായിരിക്കും അനുവദിക്കുക. പ്രസ്തുത തീരുമാനം അന്തിമവും ചോദ്യം ചെയ്യപെടാനാവുന്നതുമല്ല. പരമാവധി ചികിത്സാ സഹായം 50,000 രൂപയായിരിക്കും. പദ്ധതി നിയമാവലിയുടെ പരിധിയിൽ ഉൾപ്പെടാത്ത വിവിധങ്ങളായ അസുഖങ്ങൾക്കുള്ള ചികിത്സാ ആനുകൂല്യം ചികിത്സാ ബില്ലുകൾക്ക് അനുസൃതമായിരിക്കും, മിനിമം

ഒരു ലക്ഷം രൂപയോ അതിലധികമോ ഉള്ള ചികിത്സാ ചെലവുകൾക്ക് ബില്ലിന്റെ 10 % വും പരമാവധി 20,000 രൂപയുമായിരിക്കും ചികിത്സാ ആനുകൂല്യം നൽകുക. ഒരേ രോഗത്തിന് എത്ര വർഷം അംഗമായിരുന്നാലും ഒരിക്കൽ മാത്രമേ ചികിത്സാ സഹായം അനുവദിക്കൂ. പദ്ധതിയിൽ അംഗമാവുന്നതിനു മുമ്പോ ഇടക്കാലത്തു അംഗമല്ലാത്ത വർഷങ്ങളിലോ കണ്ടെത്തിയ രോഗത്തിനോ അംഗമായ ശേഷം അതിന് വേണ്ടി തുടരുന്ന ചികിത്സക്കോ, അംഗമായ ശേഷം അംഗമല്ലാത്ത വർഷം കണ്ടെത്തിയ രോഗംകാരണം സംഭവിക്കുന്ന മരണത്തിനോ യാതൊരു വിധ ആനുകൂല്യവും നൽകുന്നതല്ല. പെൻഷൻ വാങ്ങിക്കുന്ന അംഗം ചികിത്സാ ആനുകൂല്യത്തിന് അർഹനല്ല. ചികിത്സാ ആനുകൂല്യത്തിന് നിർബന്ധമായും ഡിസ്ചാർജ് സമ്മറി റിപ്പോർട്ടുൾപ്പെടെ, മറ്റു ആവശ്യപ്പെടുന്ന മുഴുവൻ ഡോക്യുമെന്റസുകളും സമർപ്പിക്കേണ്ടതാണ്.

ഫൈനൽ എക്സിറ്റ് ആനുകൂല്യം :

2026 ജനുവരി ഒന്ന് മുതൽ ഫൈനൽ എക്സിറ്റിൽ പോവുന്ന സൗദിനാഷണൽ കെഎംസിസിയുടെ നിലവിലെ മെമ്പർഷിപ്പും 10 ഓ അതിലധികമോ (2015 മുതൽ) സുരക്ഷാ പദ്ധതി അംഗത്വവുമുള്ളവർക്ക് 25,000 രൂപയും , 5 മുതൽ 9 വർഷം(2015 മുതൽ) സുരക്ഷാ പദ്ധതി അംഗത്വമുള്ളവർക്ക് 10,000 രൂപയുടെയും എക്സിറ്റ് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. എക്സിറ്റ് അനുകൂല്യത്തിനുള്ള മിനിമം യോഗ്യത നിലവിലെ സൗദി കെഎംസിസി മെംബെര്ഷിപ്പും, 5 വർഷ സുരക്ഷാ പദ്ധതി അംഗത്വവുമായിരിക്കും . എക്സിറ്റ് ആനുകൂല്യം വാങ്ങി പുതിയ വിസയിൽ വീണ്ടും തിരികെ വന്നു പിന്നീട് ഫൈനൽ എക്സിറ്റിൽ പോവുന്ന സമയത്ത് എക്സിറ്റ് ആനുകൂല്യം ലഭ്യമാകുന്നതല്ല . ഒരാൾക്ക് ഒരു പ്രാവശ്യം മാത്രമേ എക്സിറ്റ് ആനുകൂല്യത്തിന് അര്ഹതയുണ്ടായിരിക്കയുള്ളൂ. എക്സിറ്റിൽ പോവുന്നയാൾ പ്രസ്തുത വർഷം മറ്റു അനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ എക്സിറ്റ് ആനുകൂല്യത്തിന് അർഹനല്ല.

അനുബന്ധ നിബന്ധനകളും വ്യവസ്ഥകളും

പദ്ധതി അംഗത്വ ക്യാമ്പയിൻ കാലത്ത് ഏതു ദിവസങ്ങളിൽ അംഗത്വം നേടിയാലും, പുതുതായി പദ്ധതിയിൽ ചേരുന്നവരുടെയും മുൻവർഷം അംഗത്വമില്ലാതെ ഇടവിട്ട് പദ്ധതിയിൽ ചേരുന്നവരുടേയും അംഗത്വം മാർച്ച് ഒന്ന് മുതൽ ഡിസംബർ 31 വരേയായിരിക്കും, ഈ

കാലയളവിൽ നടക്കുന്ന അത്യാഹിതങ്ങൾ മാത്രമേ ആനുകൂല്യങ്ങൾക്കായി പരിഗണിക്കുകയുള്ളൂ.

പോയ വർഷം പദ്ധതിയിൽ അംഗമായവർക്ക് ഡിസംബർ 31 നു മുമ്പ് അംഗത്വം പുതുക്കുന്നതോടെ പുതിയ വർഷം മുഴുവൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഡിസംബർ 31 നു ശേഷം പദ്ധതി ക്യാമ്പയിൻ കാലാവധി കമ്മിറ്റി നീട്ടി നൽകുന്ന പക്ഷം ജനുവരി ഒന്നുമുതൽ നീട്ടി നൽകിയ സമയത്തിനകം അംഗത്വം പുതുക്കുന്നത് വരെയുള്ള കാലയളവിൽ സംഭവിക്കുന്ന അത്യാഹിതങ്ങൾക്ക് അവർ ആനുകൂല്യത്തിനർഹരല്ല.

എല്ലാ വർഷവും ഒക്ടോബർ/നവംബർ മാസം കമ്മിറ്റി പ്രഖ്യാപിക്കുന്ന തിയ്യതി മുതൽ ഡിസംബർ 31 വരേ അംഗത്വം പുതുക്കുന്നതിന്നും പുതിയ മെമ്പർഷിപ്പ് ചേർക്കുന്നതിന്നുമുള്ള ക്യാമ്പയിൻ സമയമായിരിക്കും. ഈ കാലയളവിൽ അവധിക്ക് നാട്ടിൽ പോകുന്ന വാലിഡ് വിസയുള്ള നിലവിലെ വർഷത്തെ അംഗങ്ങൾ സുഹൃത്തുക്കൾ മുഖേനെയോ ഓൺലൈനായോ മെമ്പർഷിപ്പ് പുതുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്. നാട്ടിൽ അവധിയിലുള്ള വാലിഡ് വിസയുള്ള 100 ശതമാനവും തിരിച്ചു വരുമെന്ന ഉറപ്പുള്ളവരെ മാത്രമേ ജിദ്ദയിൽ നിന്നും അംഗമാക്കാൻ അനുവദനീയമുള്ളൂ. ഏതെങ്കിലും കാരണത്താൽ പ്രസ്തുത വർഷം തിരിച്ചു വരാനായില്ലെങ്കിൽ അദ്ദേഹത്തിൻറെ അംഗത്വം അസാധുവാണ്. നാട്ടിൽ പോയി വിസ expire ആയി തിരിച്ചു വരാൻ കഴിയാത്തവരെ ഇവിടെ നിന്നും അംഗമാക്കാതിരിക്കുക. നാട്ടിൽ നിന്ന് അംഗമാവാൻ അർഹതയില്ലാത്ത പദ്ധതി വർഷം ജനുവരി 1 നു മുമ്പ് ഫൈനൽ എക്സിറ്റിലോ അവധിക്കോ പോയി തിരിച്ചു വരാത്തവരെയോ, നടപ്പ് വർഷം അംഗത്വമില്ലാതെ ഏതെങ്കിലും രോഗത്തിന് ചികിത്സക്കായി നാട്ടിൽ പോയവരെയോ വിസാ കാലാവധി അവസാനിച്ചവരേയോ ആരെങ്കിലും എഴുതി ചേർത്താൽ, ആ അംഗത്വം സാധുവാകുകയില്ല യാതൊരു വിധ ആനുകൂല്യങ്ങൾക്ക് അര്ഹരായിരിക്കയുമില്ല. ഇങ്ങിനെ അംഗമാക്കിയതായി തിരിച്ചറിയുന്ന സമയത്ത് അംഗത്വം റദ്ദാക്കാൻ കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കും. നിശ്ചിത ഫീ നൽകി ആർക്കും കോർഡിനേറ്റർ മുഖാന്തിരം പദ്ധതിയിൽ അംഗമാവാൻ കഴിയുമെങ്കിലും കേവലം പദ്ധതിയിൽ അംഗത്വം ഉണ്ടായിരിക്കുക എന്നത് ആനുകൂല്യത്തിന് അര്ഹതയുണ്ടെന്നതിന് മാനദണ്ഡമല്ല. അവരുടെ അംഗത്വം പദ്ധതി ബൈലോക്ക് 100 ശതമാനവും

വിധേയമായിരിക്കുക എന്നതാണ് ആനുകൂല്യ അർഹതക്കുള്ള ഏറ്റവും പ്രധാനമായ മാനദണ്ഡം. അംഗത്വം നിയമ വിധേയമല്ലാത്ത പക്ഷം അവരുടെ അനുകൂല്യത്തിനുള്ള ക്ലെയിമുകൾ നിരസിക്കപെടുന്നതാണ്.

ക്യാമ്പയിൻ വർഷം ഡിസംബർ 31 നു ശേഷം ലഭിക്കുന്ന അപേക്ഷകൾ ക്യാമ്പയിൻ കാലാവധി കമ്മിറ്റി നീട്ടിയിട്ടില്ലെങ്കിൽ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടുന്നവർക്ക് അംഗത്വ കാർഡുകളോ കൂപ്പണുകളോ കമ്മറ്റി വിതരണം ചെയ്യുന്നതല്ല. അംഗത്വ നടപടികൾ പൂർത്തീകരിച്ച് തുല്യമായ പദ്ധതി വിഹിതവും കൈപറ്റി കഴിഞ്ഞാൽ ക്യാമ്പയിൻ അവസാനിക്കുന്നതിന് മുമ്പേ ഓരോ കോർഡിനേറ്റർമാരും അവർ ചേർത്തിയ മുഴുവൻ അംഗങ്ങളും അപ്പ്രൂവ് ആയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഓരോ അംഗങ്ങളും അവരുടെ അംഗത്വം സാധുവാണെന്ന് സൈറ്റിൽ ചെക്ക് ചെയ്തു ഉറപ്പ് വരുത്തേണ്ടതാണ്. സ്വന്തം ഇഖാമ നമ്പർ ഉപയോഗിച്ച് കമ്മറ്റിയുടെ വെബ്സൈറ്റിൽ നിന്നും അംഗത്വം പരിശോധിക്കാവുന്നതും, കാർഡ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതുമാണ്. ഈ കാർഡ് അംഗത്വ രേഖയായി പരിഗണിക്കുന്നതാണങ്കിലും ആനുകൂല്യങ്ങൾക്ക് നിയമാവലിയിൽ പറയുന്ന കാര്യങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ . ഓരോ അംഗവും അതാതു വർഷത്തെ അവരുടെ അംഗത്വം
https://www.kmcconline.info/jedsuraksha/search-member
എന്ന സൈറ്റിൽ ഇഖാമ നമ്പർ നൽകി ഉറപ്പ് വരുത്തുക . ഡിസംബർ 30 നു മുമ്പ് അംഗത്വം അപ്പ്രൂവ് ചെയ്തതായി കാണുന്നില്ലെങ്കിൽ ബന്ധപ്പെട്ട കോർഡിനേറ്ററെ ഉടൻ ബന്ധപെടുക. വർഷാവസാനമോ , ആനുകൂല്യങ്ങൾക്ക് വേണ്ടി അപേക്ഷിക്കുമ്പോഴോ അംഗത്വം ഇല്ല എന്ന് കണ്ടെത്തുമ്പോൾ ഞാൻ ചേർന്നിരുന്നു എന്ന് പറഞ്ഞു പരാതിയുമായി വരാതിരിക്കാൻ ഇത് സഹായിക്കും.

അപേക്ഷാ ഫോറത്തിൽ മരണപ്പെട്ട വ്യക്തി അവകാശിയായി എഴുതിയ ആൾക്ക് മാത്രമേ സഹായം കൈമാറൂ. ഏതെങ്കിലും കാരണവശാൽ അവകാശികളുടെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങളോ പരാതിയോ ഉണ്ടായാൽ ബന്ധപ്പെട്ട പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മിറ്റി , മഹല്ല് കമ്മിറ്റി എന്നിവരുമായി കൂടിയാലോചിച്ചു ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റി എടുക്കുന്ന തീരുമാനം അന്തിമവും ഏതെങ്കിലും നിലക്ക് ചോദ്യം ചെയ്യാൻ കഴിയാത്തതുമായിരിക്കും. ഏതെങ്കിലും ഘട്ടത്തിൽ അലംഘനീയമായ വിധി കാരണം മരണസംഖ്യ കൂടുകയും

ആനുകൂല്യങ്ങൾ നൽകുന്നതിന് കമ്മറ്റിക്ക് സാമ്പത്തിക ബാധ്യത വരികയും ചെയ്യുന്ന പക്ഷം പദ്ധതി മെമ്പർമാരിൽ നിന്നും കമ്മിറ്റി തീരുമാനിക്കുന്ന ചെറിയ തുക സഹായം തേടുന്നതും, ഇതുമായി മുഴുവൻ മെമ്പർമാരും നിർബന്ധമായും സഹകരിക്കേണ്ടതുമാണ്. പ്രസ്തുത വിഹിതം നൽകാതെ നിസ്സഹരിക്കുന്നവരെ അംഗത്വം പുതുക്കുന്നത്തിന് അനുവദിക്കുന്നതല്ല.
ആദ്യമായി പദ്ധതിയിൽ ചേരുന്ന വ്യക്തിക്ക് ഏതെങ്കിലും ഒരു കെ.എം.സി.സി കോ ഓർഡിനേറ്റർ നേരിൽ കണ്ട് ബോധ്യപ്പെട്ട് മാത്രമേ പദ്ധതിയിൽ അംഗമാകാൻ പറ്റൂ. നടപ്പ് വർഷം പദ്ധതിയിൽ ചേരാത്ത ഒരു വ്യക്തിയെ അയാൾ നാട്ടിൽ പോയ ശേഷം മറ്റാരെങ്കിലും പേരെഴുതിയിട്ട് അംഗമാക്കിയാൽ പദ്ധതിയിൽ നിന്നും ഒരാനുകൂല്യവും നൽകുന്നതല്ല. ആദ്യമായി പദ്ധതിയിൽ ചേരുന്ന വ്യക്തി നിർബന്ധമായും ചേരുന്ന സമയത്ത് സൗദി അറേബ്യയിൽ ഹാജരുണ്ടായിരിക്കണം.

സദുദ്ദേശപരമല്ലാതെ പദ്ധതി ആനുകൂല്യങ്ങൾ കൈവശപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഗുരുതര രോഗങ്ങൾക്ക് വിധേയരായവരേയോ മരണാസന്നരായവരേയോ ചികിത്സ നടന്ന് കൊണ്ടിരിക്കുന്നവരെയോ മെമ്പർമാരാക്കിയതായി ബോധ്യപ്പെടുന്ന പക്ഷം, പദ്ധതിയുടെ ധാർമ്മികത മുൻനിർത്തി ചികിത്സാ സഹായമോ മരണാനന്തര ആനുകൂല്യമോ നൽകാതെ ഏത് സമയവും അപേക്ഷ റദ്ദാക്കുവാൻ കമ്മിറ്റിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും.

അപേക്ഷാ ഫോമിലെ കൂപ്പൺ കയ്യിലുണ്ടെന്നതുകൊണ്ട് മാത്രമോ, സൈറ്റിൽ രജിസ്റ്റർ ചെയ്തു ഫണ്ട് നൽകി അപ്പ്രൂവൽ ചെയ്യാതെ PENDING സ്റ്റാറ്റസ് അവസ്ഥയിലോ അംഗമായി പരിഗണിക്കയില്ല. എന്നാൽ അപേക്ഷയും സംഭാവനയും ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റയിൽ നൽകി നടപടികൾ പൂർത്തീകരിച്ച് അദ്ദേഹത്തിന്റെ പേര് വിവരങ്ങൾ സംഘടനയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിയമവിധേയമായി സ്റ്റാറ്റസ് "ആക്റ്റീവ്" ആയ ശേഷം മാത്രമേ അംഗമായി പരിഗണിക്കുകയുള്ളൂ. കീഴ് ഘടകങ്ങൾ അപേക്ഷാ ഫോറങ്ങൾ വാങ്ങി വെക്കുകയോ ഓൺലൈൻ ചേർത്തുകയോ ചെയ്ത ശേഷം ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റയിൽ നടപടികൾ പൂർത്തിയാക്കാതെയും സംഭാവനാ വിഹിതം നൽകാതെയും വൈകിപ്പിച്ചാൽ. എന്തെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ അവരുടെ പക്കൽ നിന്നും കൂപ്പൺ കണ്ടെടുത്തു എന്നത് കൊണ്ടോ, അല്ലെങ്കിൽ കീഴ്ഘടകങ്ങളെ അപേക്ഷ ഏൽപിച്ചിരുന്നുവെന്നതുകൊണ്ടോ,

വെബ്സൈറ്റിൽ റെജിസ്റ്റർ ചെയ്തത് കൊണ്ടോ സെൻട്രൽ കമ്മിറ്റി ഉത്തരവാദിയായിരിക്കുന്നതല്ല അവർ ആനുകൂല്യങ്ങൾക്ക് അർഹരായിരിക്കയുമില്ല.

പദ്ധതിയുടെ പേക്ഷാ ഫോമിന്റെ ഫോട്ടോകോപ്പി പൂരിപ്പിച്ച് പദ്ധതിയിൽ ചേരുന്നവർ, പ്രസ്തുത ഫോറത്തിൽ അതാത് കീഴ് ഘടകങ്ങളുടെ ഉത്തരവാദിത്വപ്പെട്ട ഭാരവാഹികളുടെ ഒപ്പ് രേഖപെടുത്തിയിട്ടുണ്ടെന്നു ഉറപ്പ് വരുത്തുക.

പദ്ധതി ക്യാമ്പയിൻ കഴിയുന്നതോടെ www.kmcconline.info എന്നീ വെബ്സൈറ്റിൽ ഇഖാമ നമ്പർ നൽകി ഓരോരുത്തരും അംഗത്വം ഉറപ്പ് വരുത്തേണ്ടതാണ് .

പദ്ധതിയിൽ നിന്നും ആനുകൂല്യത്തിനായുള്ള മാനദണ്ഡം, നിയമപരമായി പദ്ധതി അംഗമാവുക, തുടർച്ചയായ അംഗമാവുക, നിയമാവലിയിൽ വ്യക്തമാക്കിയ പ്രകാരം മരണം, പെൻഷന് അർഹരാവുക, നിയമാവലിയിൽ വ്യക്തമാക്കിയ പ്രകാരമുള്ള രോഗങ്ങൾക്ക് ചികിത്സ നടക്കുക എന്നിവ മാത്രമായിരിക്കും. സാമൂഹിക-സാമ്പത്തിക പരാധീന ചുറ്റുപാടുകളോ സംഘടനാ സ്ഥാനങ്ങളോ ഒരു നിലക്കും ആനുകൂല്യത്തിനുള്ള മാനദണ്ഡമായി പരിഗണിക്കുകയില്ല. കാരണം ഇത് കൃത്യമായ നിയമാവലിയുള്ള ഒരു പരസ്പര സഹായ പദ്ധതിയാണ്.

ആനുകൂല്യങ്ങൾ ലഭിക്കാൻ വേണ്ട രേഖകൾ

മരണാനന്തര ആനുകൂല്യം ലഭിക്കാൻ വേണ്ട രേഖകൾ പദ്ധതിയിൽ നിയമാനുസൃതം അംഗമായ ഒരാൾക്ക് സ്വദേശത്തോ വിദേശത്തോ വെച്ച് പദ്ധതി അംഗത്വം സാധുവായ കാലാവധിക്കിടയിൽ മരണം സംഭവിച്ചാൽ അദ്ദേഹം അപേക്ഷാഫോറത്തിൽ നിർദ്ദേശിച്ചിട്ടുള്ള അവകാശികളോ ബന്ധപ്പെട്ട കീഴ് ഘടകങ്ങളോ

1) എംബസ്സി / നാട്ടിലെ ലോക്കൽ ബോഡി നൽകുന്ന മരണ സർട്ടിഫിക്കറ്റ്,
2) മരണ കാരണം കാണിക്കുന്ന ആശുപത്രി റിപ്പോർട്ട്. (സൗദിയിൽ മരണപ്പെട്ടവർക്ക് ആശുപത്രിയിൽ നിന്നും ലഭിക്കുന്ന തബ്ലീഗ് വഫാത്ത് (death notification) രോഗിയായി ആശുപത്രിയിൽ വെച്ചാണ് മരിച്ചതെങ്കിൽ ആശുപത്രിയിലെ രോഗ വിവരങ്ങൾ കാണിക്കുന്ന രേഖകൾ,
3) ഇക്കാമ കോപ്പി
4) പാസ്പോര്ട്ട് ഫസ്റ്റ് + ലാസ്റ്റ് പേജ് + സൗദിയിൽ നിന്നും നാട്ടിലേക്ക് അവസാനമായി പോയ തിയ്യതി (DEPARTURE DATE) നാട്ടിലെത്തിയ

തിയ്യതി (ARRIVAL DATE) എന്നിവ കാണിക്കുന്ന എമിഗ്രേഷൻ സ്റ്റാമ്പ് പതിച്ച പാസ്പോർട്ട് പേജുകൾ .

5) അക്കൗണ്ട് ഹോൾഡറുടെ പാൻ കാർഡ് കോപ്പി / ആധാർ കാർഡ് കോപ്പി

6) നിയമവിധേയമായ അംഗത്വവും ആനുകൂല്യ അർഹതയും ഉറപ്പ് വരുത്താൻ പ്രത്യക സാഹചര്യങ്ങളിൽ കമ്മിറ്റി ആവശ്യപ്പെടുന്ന മറ്റു രേഖകൾ

എന്നിവയുടെ കോപ്പികൾ പ്രത്യക സാഹചര്യങ്ങളിൽ കമ്മിറ്റി ആവശ്യപ്പെടുന്ന മറ്റു രേഖകൾ സഹിതം ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റിക്ക് അപേക്ഷ നൽകണം. ഏതെങ്കിലും കാരണവശാൽ അപേക്ഷ പരിഗണിക്കുന്ന സമയത്ത് നോമിനികൾ ജീവിച്ചിരിപ്പില്ലെങ്കിൽ ആനുകൂല്യം നൽകുന്നത് സംബന്ധിച്ചു മരണപ്പെട്ട അംഗത്തിന്റെ പഞ്ചായത്തിലെ ലീഗ് കമ്മിറ്റി/ മഹല്ല് കമ്മിറ്റിയുമായി കൂടിയാലോചിച്ചു ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റ് എടുക്കുന്ന തീരുമാനം അന്തിമവും ഒരു കാരണവശാലും ചോദ്യം ചെയ്യപ്പെടവുന്നതുമല്ല . ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. മരണപ്പെട്ട അംഗം നടപ്പ് വർഷം ചികിത്സാ ആനുകൂല്യം സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക കഴിച്ചുള്ള തുക മാത്രമേ മരണാന്തര അനുകൂല്യമായി നൽകുകയുള്ളൂ. പെൻഷൻ വാങ്ങിക്കുന്ന അംഗങ്ങൾക്ക് മുകളിൽ "മരണാന്തര ആനുകൂല്യം" എന്നതിന് താഴെ വിശദീകരിച്ച വിധമായിരിക്കും മരണാനന്തര ആനുകൂല്യങ്ങൾ നൽകുക.

പെൻഷന് അർഹരായ എക്സ് പ്രവാസികൾ അയച്ചു തരേണ്ട രേഖകൾ

1) പാസ്സ്പോർട്ട് കോപ്പി ഫസ്റ്റ് & ലാസ്റ്റ് പേജുകൾ

2) അവസാനമായി ഫൈനൽ എക്സിറ്റിൽ സൗദിയിൽ നിന്ന് പോയ തിയ്യതി കാണിക്കുന്ന പാസ്സ്പോർട്ടിലെ എമിഗ്രേഷൻ പേജ് കോപ്പി.

3) ആധാർ അല്ലെങ്കിൽ ഡ്രൈവിങ്ങ് ലൈസൻസ് അല്ലെങ്കിൽ നാട്ടിലെ ജനന തിയ്യതി കാണിക്കുന്ന മറ്റു സർക്കാർ രേഖകൾ

4 സേവിങ്ങ് ബാങ്ക് അക്കൗണ്ട് ബുക്കിന്റെ ഫസ്റ്റ് പേജ് .

5) അക്കൗണ്ട് ഹോൾഡറുടെ പാൻ കാർഡ് കോപ്പി

6) നിയമവിധേയമായ അംഗത്വവും ആനുകൂല്യ അർഹതയും ഉറപ്പ് വരുത്താൻ പ്രത്യക സാഹചര്യങ്ങളിൽ കമ്മിറ്റി ആവശ്യപ്പെടുന്ന മറ്റു രേഖകൾ

എന്നിവ കമ്മിറ്റിക്ക് അയച്ചു നൽകേണ്ടതാണ്.

ഫൈനൽ എക്സിറ്റ് ആനുകൂല്യം ലഭിക്കാൻ അർഹരായവർ

1) ഫൈനൽ എക്സിറ്റ് വിസ കോപ്പി
2) സൗദി നാഷണൽ കെഎംസിസി ലേറ്റസ്റ്റ് മെമ്പർഷിപ്പ് കോപ്പി
3) ഫൈനൽ എക്സിറ്റിൽ നാട്ടിലേക്ക് പോയതും നാട്ടിൽ എത്തിയതും കാണിക്കുന്ന എമിഗ്രെഷൻ സീലുള്ള പാസ്പോര്ട്ട് പേജുകൾ
4) അക്കൗണ്ട് ഹോൾഡറുടെ പാൻ കാർഡ് കോപ്പി / ആധാർ കാർഡ് കോപ്പി
5) നിയമവിധേയമായ അംഗത്വവും ആനുകൂല്യ അർഹതയും ഉറപ്പ് വരുത്താൻ പ്രത്യക സാഹചര്യങ്ങളിൽ കമ്മിറ്റി ആവശ്യപ്പെടുന്ന മറ്റു രേഖകൾ

ചികിത്സാ ആനുകൂല്യം ലഭിക്കാൻ

പദ്ധതി കാലാവധി സമയത്ത് ഒരു അംഗത്തിന് പുതുതായി കാൻസർ, സ്ട്രോക്ക്, കിഡ്നി രോഗങ്ങൾ കണ്ടെത്തുക. ഹൃദയ സംബന്ധമായ രോഗത്തിന് സർജറി നടത്തുക, ജോലി ചെയ്ത് ജീവിക്കുവാൻ സാധിക്കാത്ത രൂപത്തിൽ അപകടങ്ങൾ സംഭവിക്കുക എന്നീ ഘട്ടങ്ങളിൽ താഴെ പറയുന്ന ആവശ്യമായ രേഖകൾ സഹിതം കമ്മിറ്റിക്ക് അപേക്ഷ നൽകേണ്ടതാണ്

1) "ഡിസ്ചാർജ് സമ്മറി റിപ്പോർട്ട് "ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് സമയത്ത് ലഭിക്കുന്ന രോഗ വിവരങ്ങളും ചികിത്സയും മുഴുവൻ വിശദീകരിച്ചു കാണിക്കുന്ന ഡിസ്ചാർജ് സമ്മറി റിപ്പോർട്ട്. നിര്ബന്ധമാണ്
2) ഡിസ്ചാർജ് പേയ്മെന്റ് ബിൽ ഡിസ്ചാർജ് സമയത്തു ലഭിക്കുന്ന ഫൈനൽ ബിൽ , (മറ്റുള്ള മരുന്ന് ലാബ് ബില്ലുകൾ വേണ്ടതില്ല)
3) പദ്ധതിയിൽ മുകളിൽ പരാമർശിക്കാത്ത മറ്റു ഏതെങ്കിലും പ്രധാന രോഗങ്ങളാണെങ്കിൽ മുഴുവൻ ചികിത്സാ റിപോർട്ടുകൾ , ഡോക്ടറുടെ സർട്ടിഫിക്കറ്റ്.
4) ഇക്കാമ കോപ്പി
5) പാസ്പോര്ട്ട് ഫസ്റ്റ് + ലാസ്റ്റ് പേജ് + സൗദിയിൽ നിന്നും നാട്ടിലേക്ക് അവസാനമായി പോയ തിയ്യതി (DEPARTURE DATE) നാട്ടിലെത്തിയ തിയ്യതി (ARRIVAL DATE) എന്നിവ കാണിക്കുന്ന എമിഗ്രേഷൻ സ്റ്റാമ്പ് പതിച്ച പാസ്പോർട്ട് പേജുകൾ,
6) അക്കൗണ്ട് ഹോൾഡറുടെ പാൻ കാർഡ് കോപ്പി / ആധാർ കാർഡ് കോപ്പി

7) നിയമവിധേയമായ അംഗത്വവും ആനുകൂല്യ അർഹതയും ഉറപ്പ് വരുത്താൻ പ്രത്യക സാഹചര്യങ്ങളിൽ കമ്മിറ്റി ആവശ്യപ്പെടുന്ന മറ്റു രേഖകൾ

സമർപ്പിച്ച രേഖകൾ അനുസരിച്ചു സൂക്ഷ്മമായി പരിശോധിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തി എല്ലാ സാഹചര്യങ്ങളും പരിഗണിച്ച ശേഷം ഉചിതമെന്ന് ബോധ്യപ്പെടുന്ന സംഖ്യ ചികിത്സാ ആനുകൂല്യമായി നൽകുന്നതാണ്. മാക്സിമം ചികിത്സാ സഹായം 50,000 രൂപയായിരിക്കും. തുടർച്ചയായി പദ്ധതിയിലെ അംഗത്വം, രോഗത്തിന്റെ ഗുരുതരാവസ്ഥ, ചികിത്സ ലഭിച്ച രീതി സൗജന്യമാണോ പേയ്മെന്റ് ആണോ, രോഗത്തിന് ചിലവായ തുക എന്നതെല്ലാം ആനുകൂല്യത്തിന് പരിഗണിക്കുന്നതിൽ മാനദണ്ഡമായിരിക്കും. ഇക്കാര്യത്തിൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. പദ്ധതി അംഗമാവുന്നതിന് മുൻപ് മേൽപ്പറഞ്ഞ രോഗങ്ങൾ കണ്ടെത്തുകയോ ചികിത്സ തേടിക്കൊണ്ടിരിക്കുകയോ ചെയ്യുന്നവർക്ക് പദ്ധതിയിൽ നിന്നും ചികിത്സാ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല, എത്ര വർഷം അംഗമാണെങ്കിലും ഒരേ രോഗത്തിന് ഒന്നിലധികം തവണ പദ്ധതിയിൽ നിന്നും ആനുകൂല്യം നൽകുന്നതല്ല, ചികിത്സാ സഹായം കൈപറ്റിയ അംഗം പദ്ധതി അംഗമായിരിക്കെ മരണപ്പെടുകയാണെങ്കിൽ പ്രസ്തുത വിഹിതം കഴിച്ചുള്ള സംഖ്യ മാത്രമേ ആനുകൂല്യമായി നൽകുകയുള്ളൂ. പെൻഷൻ വാങ്ങിക്കുന്ന അംഗങ്ങൾ യാതൊരു വിധ ചികിത്സാ സഹായത്തിനും അർഹരല്ല.

മരുഭൂമിയിൽ കുടുംബം പോറ്റാൻ പാടുപെടുന്നതിനിടയിൽ അവിചാരിതമായി മരണപ്പെടുന്ന പ്രവാസി സഹോദരങ്ങളുടെ അനാഥമായിപോകുന്ന കുടുംബത്തിന് ഒരു സംരക്ഷണം, നിയമാവലിയിൽ പരാമർശിച്ച മാരക രോഗങ്ങൾക്ക് വിധേയരാവുന്ന പ്രവാസികൾക്കും, പദ്ധതിയിൽ അംഗമായി നാട്ടിൽ ആരാരും ഉറ്റു നോക്കാതെ ഒറ്റപ്പെടുന്ന മുൻ പ്രവാസികൾക്ക് ഒരു ചെറിയ പെൻഷൻ സഹായം നൽകി കൂടെ നിൽക്കുക എന്ന ഉദ്ദേശത്തോടെ കൃത്യമായ വ്യവസ്ഥകളോടെ ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റി നടത്തുന്ന ഒരു ജീവ കാരുണ്യ സഹായപദ്ധതിയാണിത്. ഇതൊരു ഇൻഷുറൻസ് പരിരക്ഷയല്ല തങ്ങളുടെ ചികിത്സാ ചിലവുകൾ മുഴുവൻ ലഭിക്കുമെന്ന ധാരണയിൽ ഇതിൽ അംഗങ്ങളാവരുത്. തനിക്ക് ലഭിക്കാനല്ല; മറിച്ചു അള്ളാഹുവിന്റെ അലംഘനീയ വിധിക്ക് വിധേയരാവുന്ന കൂടെ ജോലി ചെയ്യുന്ന പ്രവാസി സുഹൃത്തിന്റെ വേദനയിൽ പങ്കാളിയാവുന്നതിന് ഒരു സംഭാവന നൽകുന്നു എന്ന സദുദ്ദേശത്തോടെ മാത്രമേ ഈ പദ്ധതിയിൽ അംഗമാവൂ. ലക്ഷങ്ങൾ

ചിലവഴിച്ച് നടത്തുന്ന അംഗങ്ങളുടെ ചികിത്സക്ക് വളരെ ചെറിയ തുക മാത്രമേ ഈ പദ്ധതിയിൽ നിന്നും അനുവദിച്ച് നൽകാൻ കഴിയുകയുള്ളൂ. ഇതൊരു നിർബന്ധിത പദ്ധതിയല്ല എന്നതിനാൽ ഇത്തരം നിബന്ധനകൾ പൂർണ്ണമായും അംഗീകരിക്കുന്നവർ മാത്രമേ ഈ പദ്ധതിയിൽ ഭാഗവാക്കാകേണ്ടതുള്ളു.

കെ.എം.സി.സി ജിദ്ദ കാരുണ്യ ഹസ്തം കുടുംബ സുരക്ഷാ പദ്ധതിയുടെ കാലാവധി ഒരു വർഷത്തേക്ക് മാത്രമാണ്. പ്രസ്തുത വർഷം അവസാനിച്ചു കഴിഞ്ഞാൽ ആ പദ്ധതി തന്നെ അവസാനിക്കുകയാണ്. കാലാവധി കഴിഞ്ഞ ഏതെങ്കിലും വർഷം പദ്ധതിയിൽ അംഗമായിരുന്നു എന്ന് തെളിയിച്ച് കൊണ്ട്, പദ്ധതി കാലാവധി അവസാനിച്ച ശേഷം ലഭിക്കുന്ന ഒരപേക്ഷയും പരിഗണിക്കപ്പെടുന്നതല്ല. നിയമപരമായി അത്തരം അപേക്ഷകൾ നിലനിക്കുന്നതും ആയിരിക്കുകയില്ല.

അന്തിമ തീർപ്പ് കൽപ്പിക്കൽ

അംഗത്വം അംഗീകരിക്കൽ, ആനുകൂല്യം അനുവദിക്കൽ, വ്യക്തമായി ബോധ്യപ്പെട്ട കാരണങ്ങളാൽ അംഗത്വവും ആനുകൂല്യവും റദ്ദാക്കൽ തുടങ്ങി പദ്ധതിയുമായി ബന്ധപ്പെട്ട സുപ്രധാന കാര്യങ്ങളിൽ അന്തിമ തീരുമാനം എടുക്കാനുള്ള അവകാശം ജിദ്ദ കെ.എം.സി.സി. സെൻട്രൽ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. കമ്മിറ്റിയുടെ തീരുമാനം ചോദ്യം ചെയ്യപെടാവുന്നതല്ല. സ്ഥല പരിമിതി മൂലം നിയമാവലിയുടെ സംക്ഷിപ്ത രൂപമാണ് അപേക്ഷാ ഫോമിൽ കൊടുത്തിട്ടുള്ളത് വിശദമായ നിയമാവലി **www.kmcconline.info** ലഭ്യമാണ്.

പതിനായിരക്കണക്കിന് വരുന്ന അംഗങ്ങൾ തങ്ങളുടെ സഹപ്രവാസികളുടെ പ്രയാസങ്ങളിൽ ആശ്വാസമേകാൻ ജിദ്ദ കെഎംസിസി സെൻട്രൽ കമ്മിറ്റി കാരുണ്യ ഹസ്തം കുടുംബ സുരക്ഷാ & പെൻഷൻ പദ്ധതിയിൽ ഏൽപിച്ച ഫണ്ട് കമ്മിറ്റിയുടെ കീഴിൽ ഒരു അമാനത്താണ് . വ്യവസ്ഥാപിതമായ ചട്ടങ്ങളോടെ പ്രവർത്തിക്കുന്ന പദ്ധതിയിൽ നിന്നും ഒരു രൂപ പോലും അനർഹരുടെ കയ്യിൽ എത്തിപ്പെടരുത് എന്ന നിര്ബന്ധം കമ്മിറ്റിക്ക് ഉള്ളത് കാരണം. പരസ്പര വിശ്വാസത്തിന്റെ ബലത്തിൽ മാത്രം നടക്കുന്ന ഈ പദ്ധതിയിൽ നിന്ന് ഏതെങ്കിലും അനുവദനീയമല്ലാത്ത മാർഗത്തിൽ ആനുകൂല്യം നേടിയെടുക്കുക എന്ന വിധേനെ മുൻ വർഷങ്ങളിൽ പദ്ധതിയോട് സഹകരിക്കാത്ത മാരക രോഗികളെയോ അംഗത്വമെടുക്കാൻ അര്ഹതയില്ലാത്തവരെയോ പദ്ധതിയിൽ അംഗമാക്കുന്നതും, വ്യാജ രേഖകളും മറ്റും നിർമിച്ചു ആനുകൂല്യങ്ങൾ നേടുന്നതും ധാർമികതക്ക്

നിരക്കാത്തതാണന്നും. അങ്ങിനെ ബോധ്യമാവുന്നപക്ഷം ആനുകൂല്യം അനുവദിക്കുകയില്ല എന്ന് മാത്രമല്ല അങ്ങിനെ ചെയ്യുന്നവരുടെ അംഗത്വം റദ്ദാക്കുകയും തുടർ വർഷങ്ങളിൽ പദ്ധതിയിൽ ചേരുന്നതിൽ നിന്നും അയോഗ്യരാക്കുകയും ചെയ്യുന്നതാണ്.

www.kmcconline.info